ഇറയം റിസർച്ച് ജേർണൽ
Volume 5 Issue 2

# ഇമ്മോട്ടി കോൺ തിരിഞ്ഞ മലയാളം അഥവാ മലയാളപ്പലമ – മലയാളം സൈബർ വ്യവഹാരഭാഷാപഠനത്തിനൊരാമുഖം

സന്തോഷ് എച്ച്.കെ.

**ആമുഖം**

ഭാഷ തന്നെ ഒരു സാങ്കേതികവിദ്യയാണ്. സാങ്കേതികവിദ്യ ഭാഷയെ മാറ്റുന്ന വിധം കൂടിയാണ് ഭാഷയുടെ വികാസചരിത്രം.

ബ്രാഹ്മി ലിപി - വട്ടെഴുത്ത് ലിപി - കോലെഴുത്ത് ലിപി - മലയാണ്മ - ഗ്രന്ഥലിപി എന്ന ക്രമത്തിൽ വികസിച്ച മലയാള എഴുത്തുരീതിയാണ് ബെഞ്ചമിൻ  ബെയിലിയുടെ പരിഷ്കാരങ്ങളോടെ അച്ചടിമലയാളത്തിലേക്കെത്തുന്നത്.  പഴയ ലിപി എന്ന് ഉറച്ചുപോയ ഈ ലിപിയിലാണ് മലയാളം അച്ചടി വികസിച്ചതും. ബ്ലോക്ക് നിരത്തിയുള്ള അച്ചടി സമ്പ്രദായത്തിലൂടെ നമ്മുടെ ബോധ്യങ്ങളിൽ ഉറച്ചുപോയ ഈ മലയാളം ലിപി വ്യവസ്ഥയ്ക്ക് കാര്യമായ ഇളക്കം തട്ടുന്നത് ടൈപ്പ് റൈറ്ററുകളുടെ വരവോടെയാണ്. കീ ബോർഡിങ്ങ് ഘട്ടം ഇവിടെനിന്നു തുടങ്ങുന്നു.

**കീബോർഡിങ്ങ് ഘട്ടം (1970 കൾ തൊട്ട്)**

ടൈപ്പ് റൈറ്റർ ലിപി, കമ്പ്യൂട്ടർ അധിഷ്ഠിത ആസ്കി, വെബ് 2.0 കാലത്തോടെ മംഗ്ലീഷ്, യൂണികോഡ്, സൈബർമലയാളം എന്നിങ്ങനെ മലയാളത്തിന്റെ അവസാന 50 വർഷങ്ങളുടെ കീ ബോർഡിങ്ങ് ചരിത്രത്തെ സംക്ഷേപിക്കാം. ഇതിന്റെ അവസാനത്തിലാണ് ലിപി വ്യവസ്ഥയെ തന്നെ അട്ടിമറിക്കുകയും വരമൊഴിക്കൊപ്പം വാമൊഴിയും ആംഗിക ചേഷ്ടകളൊക്കെ കലരുകയും ചെയ്യുന്ന ചാറ്റ് മലയാളത്തിലേക്ക് മലയാള വ്യവഹാരം എത്തിനില്ക്കുന്നത്. ഗുട്ടൻബെര്ഗ് തുടങ്ങി വെച്ച അച്ചടി ആധുനികതയുടെ അവസാനം കൂടിയാണിത്.

1400 ൽ മൂവബിൾ അച്ചുകൾ എഴുത്തിലുണ്ടാക്കിയ വിപ്ലവത്തിനു ശേഷംഉണ്ടായ രണ്ടാം വിപ്ലവം  ആണ് സൈബർ എഴുത്ത് എന്നു പറയാറുണ്ട്. വെട്ടെഴുത്തിൽ നിന്ന് തൊട്ടെഴുത്തിന്റെ വട്ടെഴുത്തിലേക്കുള്ള ഈ മലയാളത്തിന്റെ പകർച്ചയെ വിശകലനം ചെയ്ത് സൈബർ മലയാളം എങ്ങനെ അച്ചടിവരിഷ്ഠമലയാളത്തെ അട്ടിമറിക്കുന്നു എന്ന് അന്വേഷിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

ഭാഷ, ഇടം, സംസ്കാരം ഇവയൊന്നും നമുക്ക് പുറത്തുള്ള സ്പെയ്സ് അല്ല. നമ്മൾ അതിനകത്താണ്. സൈബർ സ്ഥലവും സംസ്കാരവും രൂപപ്പെട്ടതോടെ ഈ അകം പുറം അട്ടിമറിക്കപ്പെടുകയും ചെയ്തിരിക്കുന്നു. പലയാഥാർത്ഥ്യങ്ങൾ കലർന്ന ഒരു ലോകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

സംസ്കാരം എന്നതുതന്നെ അർത്ഥവലയങ്ങൾ തീർത്ത ഒരു ഷെയേർഡ് വേ ഓഫ് ലൈഫ് ആണെന്നും അതിന്റെ റെപ്പോസിറ്ററിയായും പ്രേഷണമാധ്യമമായും ഭാഷ പ്രവർത്തിക്കുന്നു എന്നും Clifford Geertz's (1973) പറയുന്നുണ്ട്. അത് സംസ്കാരത്തെ അടയാളപ്പെടുത്താനുള്ള ഒരു ഉപാധികൂടിയാണ്. സംസ്കാരപഠനം, ഭാഷാപഠനം ഇവയെല്ലാം ഡിജിറ്റൽ ഹ്യൂമാനിറ്റീസ് എന്ന ഒരു പൊതുജ്ഞാനമണ്ഡലത്തിന്റെ കുടക്കീഴിലേക്ക് വന്നുകൊണ്ടിരിക്കുന്ന കാലമാണിത്. അതോടൊപ്പം നമ്മൾ ബിഗ് ഡാറ്റയായി മാറുന്ന ഒരു കാലം കൂടിയാണിത്

ടോണി മോറിസൺ പറയുന്നതുപോലെ

"We die. That may be the meaning of life. But we do language. That may be the measure of our lives."

*We speak, we write, we do language. That is how civilizations heal.*

പേഴ്സണൽ കമ്പ്യൂട്ടർ എന്ന സ്വകാര്യസ്ഥലത്തുനിന്ന് വെബ്ബ് സൈറ്റിലേക്കും വെബ് കമ്യൂണിറ്റികളിലേക്കും അവസാനം സോഷ്യൽ മീഡിയയിലേക്കും സോഷ്യൽ മീഡിയാകളിൽ തന്നെ പ്രൈവറ്റ് സോഷ്യൽ മീഡീയ പബ്ലിക്ക് സോഷ്യൽ മീഡീയ എന്ന തരം തിരിവിലേക്കും എത്തി നിക്കുകയാണ് നമ്മുടെ ഡിജിറ്റൽ ജീവിതം.

ഡെസ്ക്ടോപ്പ് -മേശപ്പുറം അതിനകത്തെ മൈ കമ്പ്യൂട്ടർ, ഹോം, വിന്ഡോകൾ എന്ന അവസ്ഥയില് നിന്ന് വെബ് പേജുകളായി ഇപ്പോള് പകരം ചുമര് (Wall) എന്ന രീതിയിലേക്ക് അതിന്റെ സ്പെയ്സ് മാറിയിരിക്കുന്നു. പ്രിന്റ് ബുക്കിനു പകരം ഫെയ്സ് ബുക്കാവുന്നു. പ്രൈവറ്റ് പബ്ലിക്ക് ദ്വന്ദ്വം ഇല്ലാതാവുന്നു. അല്ലെങ്കിൽ ബ്ലെൻറ്റ് ആവുന്നു.

ഇങ്ങനെ കടലാസെഴുത്തിനുപകരം വെബ് ലോഗിലെക്കും പിന്നെ ചുവരെഴുത്തിലെക്കും സൈബർ ലോകം എടുത്തെറിയപ്പെട്ടത് പെട്ടെന്നാണ്. മൈക്രോ ബ്ലോഗിങ്ങ് സൈറ്റായി തുടങ്ങിയ ഫെയ്സ് ബുക്കിന്റെ നിരന്തരപരിണാമം സോഷ്യൽ വ്യവഹാരത്തിന്റെ രൂപകമായി കാണാൻ കഴിയും.  പബ്ലിഷ് ചെയ്യുക എന്നതു മാറി പ്രയോഗം പോസ്റ്റ് ചെയ്യുക എന്നാവുന്നു.

സ്റ്റാറ്റിക്ക് ആയ സ്വയം നിർണയാവകാശമുള്ള പ്രൊഫൈലിനപ്പുറം നിരന്തരപരിണാമിയും സ്വേച്ഛാപരമായി പ്രവർത്തിക്കുന്നതും ക്ഷണികവുമായ ടൈം ലൈൻ ഇത്തരം സോഷ്യൽ നെറ്റ് വർക്കുകളില്  ആധിപത്യം നേടുന്നു. വാൾ, പേജ്, സ്റ്റോറി, സ്റ്റാറ്റസ്സ് എന്നിങ്ങനെ നിങ്ങൾ പല പോസ്റ്റുകളായി മാറുന്നു.  അകത്തകത്തിരുന്നു ചെയ്തിരുന്ന ഒരു ആന്തരിക ലീല അങ്ങനെ മതിലിനുപുറത്തെ കവലപ്പേച്ചായി മാറുന്നു

**സൈബർ വ്യവഹാരം**

ഉപഭോക്താവിനെയും വിവരോത്പാദകനെയും നേരിട്ട് ബന്ധിപ്പിക്കാനും പരസ്പരം തത്സമയവിനിമയം ചെയ്യാനുള്ള സാഹചര്യം ഉണ്ടാക്കാനും നവമാധ്യമങ്ങൾക്ക് കഴിയും എന്നതാണ് സാമ്പ്രദായികമാധ്യമങ്ങളിൽനിന്ന് വ്യത്യസ്തമായി സൈബർ മാധ്യമങ്ങൾക്കുള്ള വിശേഷം. വായനക്കാരനു കൂടുതൽ ശ്രമം ആവശ്യമുള്ളതും . ശാരിരിക ഇടപെടൽ ആവശ്യമുള്ളതും . നിശ്ചിതമാധ്യമ പരിധില്ലാത്തതുമായ പാഠനിർമ്മിതിയാണിതിൽ സംഭവിക്കുന്നത്. അവിടെ വായനക്കാരന്റെ ജോലി ഇടത്തുനിന്ന് വലത്തോട്ട് കണ്ണുകൾ ചലിപ്പിക്കുകയോ ഇടക്കെപ്പൊഴോ യാന്ത്രികമായി പേജുകൾ മറിക്കുകയോ അല്ല. വഴിവെട്ടിവായനയാണത്..പാഠം ഒരു ഫിസിക്കൽ കൺസ്ട്രക്റ്റ് ആയി മാറുന്നു.  പാർട്ടിസിപ്പേറ്ററിയാണതിന്റെ സ്വഭാവം.

വലയിതവും അസ്ഥിരവും ചരവും തിരശ്ചീനഗതിയുള്ളതുമായ ഈ വ്യവഹാരമണ്ഡലത്തിന് പൂർവ്വരൂപങ്ങളില്ലെന്നുപറയാം. അതുകൊണ്ട് തന്നെ നവമാധ്യമങ്ങൾ എന്ന് വിളിക്കപ്പെടുന്ന സൈബർ മാധ്യമങ്ങളിൽ സംഭവിക്കുന്നത് നിലനിൽക്കുന്ന മാധ്യമവ്യവഹാരങ്ങളുടെ രേഖീയ വികാസമോ തുടർച്ചയോ അല്ല. വിച്ഛേദമാണ്.

ഭാഷയുടെ പ്രതീകലോകത്തെയും ഭാഷേതരലോകത്തെയും ആഗിരണം ചെയ്യാനുള്ള ശ്രമമാണ് സൈബർ വ്യവഹാരഭാഷയിൽ നടക്കുന്നത്. ശരീരചേഷ്ടകളും ഭാഷയുമടക്കമുള്ള

മുഖാമുഖവ്യവഹാരങ്ങളിലെ ഭാഷാതീത ഘടകങ്ങളെക്കൂടി ആദേശം ചെയ്യാനും മനുഷ്യാതീത യന്ത്രഭാഷയെ വ്യവഹാരഘടനയിലേക്ക് കൊണ്ടുവരാനുമുള്ള ശ്രമങ്ങൾ സൈബർ ഭാഷയ്ക്ക് തനതായ ഒരു പദകോശവും വ്യവഹാരച്ചിട്ടയും നൽകിയിട്ടുണ്ട്.

ഹൈപ്പർ ടെക്സ്റ്റ്വാലിറ്റി മൂലം രേഖീയമല്ലാത്ത പടർച്ചകൾ, കേന്ദ്രീകരണം ഇല്ലാത്ത ഒരു വ്യവഹാര വഴക്കം ഒരു വ്യവഹാരവലയത്തെയാണ് സൃഷ്ടിക്കുന്നത് . അതാകട്ടെ, ശ്രേണീകരണം ഇല്ലാത്ത തിരശ്ചീനവിനിമയങ്ങളുടെ പ്രതലത്തിൽ നെയ്യുതുമാണ്. ഇതെല്ലാം സൈബർ ഭാഷയെ മറ്റൊരു പ്രതലത്തിലേക്ക് വിവർത്തനം ചെയ്യാനാവാത്ത വിധം സങ്കീർണ്ണമാക്കുന്നുണ്ട്.

വൈകാരികതയുടെ ആവിഷ്കാരങ്ങൾക്ക് കൂടുതൽ സാധ്യത തുറന്നിടുന്ന ഒരു ഭാഷാമണ്ഡലമാണത്. ഭാഷാ വ്യവഹാരത്തിനകത്ത് ശാരീരികസ്പർശങ്ങൾ അനുഭവിപ്പിക്കാൻ വരെ അതിനു കഴിയും. ഇന്ററാക്റ്റീവതയിലൂടെയാണ് ആശയരൂപീകരണം തന്നെ ഉണ്ടാവുക . മറ്റ് മാധ്യമങ്ങളിൽ നിന്ന് വ്യതിരിക്തമായ രീതിയിലാണ് ഇവിടെ വ്യാജസമ്മതികളുടെ നിർമ്മിതി പോലും സാധ്യമാക്കുന്നത് എന്നു സാരം.

എഴുത്തുഭാഷ, വാമൊഴി, ആംഗ്യഭാവാവിഷ്കാരങ്ങൾ, വംശീയ ഗൃഹാന്തര ഗോപ്യഭാഷകൾ, ഭാഷേതരമായ സൂക്ഷ്മവികാരരൂപങ്ങൾ, നിശബ്ദതകൾ, ചിത്രമൊഴികൾ, ഒച്ചകൾ, മറ്റ് മൾട്ടിമീഡീയാ യന്ത്രനിർമ്മിത രൂപങ്ങൾ, ചലച്ചിത്രശകലങ്ങൾ, ചലനങ്ങൾ, മീമുകൾ, പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, ഇമോട്ടിക്കോണുകൾ, സ്മൈലികൾ, ഇമോജികൾ, ഹാഷ് ടാഗുകൾ .. തുടങ്ങി പല ചിഹ്നരൂപങ്ങൾ ഇടകലരുന്ന ഒരു വ്യവഹാരസ്വരൂപമാണ് സൈബർ ഭാഷയ്ക്കുള്ളത്. മനുഷ്യചരിത്രത്തിലെ പലവ്യവഹാരരൂപങ്ങളുടെയും അവ്യവസ്ഥിതിത സങ്കലനം കൊണ്ട് എഴുത്തധികാരത്തെ ശിഥിലമാക്കുന്ന ഒരു ഇടമാണത്. ചിതറൽ ഭാഷയിൽ ഒരു പരതൽ ജീവിതം എന്നു പറയാം.

ഒന്നോ അതിലധികമോ ഉള്ള ഭാഷണസമൂഹങ്ങളിൽ ജീവിക്കുന്ന ഭാഷകർ ചേർന്നാണ് ഇന്റർനെറ്റ് ഭാഷണസമൂഹം രൂപപ്പെടുന്നത്, അതിന് ഭൂമിശാസ്ത്രപരമായ സ്വഭാവമല്ല സാംസ്കാരികമായ സ്വഭാവമാണുണ്ടാവുക. അത് സൈബർ കമ്യൂണിറ്റികൾ മാറുന്നതിനനുസരിച്ച് മാറിക്കൊണ്ടിരിക്കുകയും ചെയ്യും. ഭൗതിക സാമൂഹ്യജീവിതത്തിൽനിന്ന് ആർജ്ജിച്ചെടുത്ത ഭാഷാ സാംസ്കാരിക തത്ത്വങ്ങൾക്കനുസരിച്ചാണ് സൈബർസമൂഹത്തിലും അവർ പെരുമാറുന്നത് അവർ

വിദേശിയാണെങ്കിലും. മറഞ്ഞിരിക്കുന്ന, മുഖമൂടിയണിഞ്ഞ വ്യക്തിത്വങ്ങൾ തമ്മിലാണ് ഈ വിനിമയബന്ധം നിലനിൽക്കുന്നതെന്നതും വ്യവഹാരത്തെ സങ്കീർണ്ണമാക്കുന്നുണ്ട്. ഒരു മത വ്യക്തിത്വം പ്രൊഫൈൽ ചെയ്യപ്പെട്ട ഐ ഡി ആ മതത്തെ അപഹസിക്കുന്നത് സോഷ്യൽ മീഡിയയിലെ സ്ഥിരം ഒരു ആശയക്കുഴപ്പമാണ് അത് ആ മതത്തിനു പുറത്തുള്ള ആളുടെ ഫെയ്ക്ക് ആവാം. അതോടൊപ്പം ട്രാൻസ് കൾച്ചറൽ ആയ മാധ്യമസ്വഭാവം നമ്മുടെ സാംസ്കാരികചിഹ്നങ്ങളെ വ്യവഹാരത്തിലേക്ക് കടത്തിവിടാം എന്ന സ്റ്റാറ്റജിയെ നിർണ്ണായകമായി സ്വാധീനിക്കുന്നുണ്ട്.

**സൈബർഭാഷയുടെ സവിശേഷതകൾ**

1. സൈബർ ഭാഷയിലെ തിരത്തല്ല് – തിരമൊഴി. ഭാഷ വീണ്ടും ഐക്കോണിക്കാവുന്നു. സമഗ്ര പാഠം എന്നൊന്നില്ല.
2. അച്ചടി മാനക അധികാര ഭാഷയിലെ വിള്ളലുകൾ
3. വ്യവഹാരത്തിലെ തിരശ്ചീനത്വം രേഖീയത തകരുന്നു. വലയിതപൊതുസമൂഹം ഉറവിടങ്ങൾ മാറുന്നു.
4. എഴുത്തിന്റെ മാനകത്വം ശിഥിലമാവുന്നു
5. മൾട്ടീമീഡിയാ ഭാഷ. മറ്റ് മാധ്യമത്തിലേക്ക് ഒറ്റപ്രതലത്തിൽ ഒതുക്കാനാവാത്ത വിവർത്തനാതീതരൂപമായി മാറുന്നു

6. വാമൊഴിയുടെ വരവ്. ഒറാലിറ്റിയുടെ രണ്ടാം വരവ്
7. ഏകകാലിക വ്യവഹാരങ്ങൾ കൂടുതൽ വാമൊഴിയോടടുത്തത്. കൊഞ്ചൽ ഭാഷ പ്ലേഫുൾ നെസ്സ് ആനന്ദം Digital writing often takes on characteristics of artful, playful, stylized performance, thereby partially resembling traditional oral genres (Bauman, 1992)
8. ആംഗികമൗഖിക പ്രകടനങ്ങൾ അടങ്ങിയ ശരീരഭാഷ മിക്സ് ചെയ്യപ്പെടുന്നു
9. ഭാഷേതര വൈകാരികതകളുടെ സന്നിവേശം. നിശബ്ദതപോലും ഭാഷയാകുന്നു – ഇമോജികൾ വാക്യധർമ്മം നിറവേറ്റുന്നു.
10. ആഗോളഭാഷ - ഗ്ലോക്കലൈസേഷൻ -അതോടൊപ്പം നിലനിൽക്കുന്ന ലോകത്തിന്റെ എക്സ്റ്റൻഷനാവുന്നു- ഭൗതിക സാമൂഹ്യ അംശങ്ങൾ ന്യൂനമാക്കപ്പെടുന്നു.

11. യന്ത്രഭാഷയുടെ കലർപ്പ് ഭാഷാപ്രദേശമനുസരിച്ച്
12. ട്രാൻസ് നാഷണൽ ട്രാൻസ് കൾച്ചറൽ ട്രാൻസ് ലിംഗ്വൽ.
    പല ഭാഷകളുടെ അവ്യവസ്ഥിത ഇടകലരൽ - ബോർഡർ ലാന്റ് ഭാഷ. ഭാഷയിലെ പലമ
13. ഭാഷയിലെ പ്രാന്തസ്ഥാനങ്ങൾക്ക് വിസിബിലിറ്റി
14. ഭാഷയ്ക്കകത്തുപ്രവർത്തിക്കുന്ന അധികാരം ചോദ്യം ചെയ്യപ്പെടുന്നു പുതിയ അധികാരബലതന്ത്രങ്ങൾ സ്വത്വരൂപങ്ങൾ പ്രത്യക്ഷമാവുന്നു.
15. ചിതറുന്ന സ്വത്വം കർതൃത്വം കർതൃലീല സന്ദിഗ്ധത താത്കാലികത

**ആസ്കി സൃഷ്ടിച്ച റൊമനൈസ് അധിനിവേശം**

റോമൻ ആൽഫബെറ്റിനെയും ഇംഗ്ലീഷ് ശബ്ദങ്ങളെയും കേന്ദ്രീകരിച്ച് 1960- ൽ രൂപീകരിക്കപ്പെട്ട ആസ്കി കമ്പ്യൂട്ടർ ലിപിവ്യവസ്ഥ ഏഴ് ബിറ്റുകൾ വീതമുള്ള 128 കോഡുകൾ ഉൾപ്പെട്ടതാണ്. ഇതിൽ 95 എണ്ണം ഗ്രാഫിക്കൽ ക്യാരക്റ്ററുകളെ കാണിക്കുന്നു. ഇത് ഇന്റർനെറ്റിലെ ഇംഗ്ലീഷ് അധിനിവേശത്തിന്റെ മൂലകാരണമായി ഇന്നും നിലനിൽക്കുന്നു. വെബ്ബ് പേജ് ഭാഷയിൽ,  ഡോമയിൻ നെയിമിൽ, യു ആർ എല്ലിൽ എല്ലാം ഇംഗ്ലീഷിനു ലഭിച്ച പ്രാമുഖ്യം ഇംഗ്ലീഷ് മാത്രമറിയാവുന്ന യന്ത്രമാണ് കമ്പ്യൂട്ടർ എന്ന മിഥ്യാധാരണ സൃഷ്ടിച്ചു. ഇംഗ്ലീഷധിഷ്ഠിതമായി മാത്രം കുത്തക സോഫ്റ്റ് വെയറുകൾ വികസിച്ചപ്പോൾ ഓപ്പറേറ്റിങ്ങ് സിസ്റ്റമടക്കമുള്ള കമ്പ്യൂട്ടർ സംസാരിക്കുന്ന ഭാഷ പ്രാദേശികമാവാൻ സമയമെടുത്തു. 2004 ലാണ് മലയാളി കൂടുതലായും ഉപയോഗിക്കുന്ന വിൻഡോസ് മലയാളം പറഞ്ഞുതുടങ്ങിയത്. സ്വതന്ത്ര സോഫ്റ്റ് വെയർ അതിനുള്ള സങ്കേതങ്ങൾ നേരത്തെ വികസിപ്പിച്ചിരുന്നെങ്കിലും പ്രചാരം സോഫ്റ്റ് വെയർ ചോരശാസ്ത്രത്തിൽ വിശ്വസിക്കുന്ന മലയാളിക്ക് അത്തർ പഥ്യമായിരുന്നില്ല.

ഇംഗ്ലീഷിന്റെ ഈ എഴുത്താധിപത്യം  പല ഭാഷകളിലും പലതരം പ്രശ്നങ്ങളാണു ഇന്റർനെറ്റ് വിനിമയത്തിൽ ഉണ്ടാക്കിയത്. റോമൻ അധിഷ്ഠിതമല്ലാത്ത ഏഷ്യയടക്കമുള്ള യൂറോപ്പിതര എഴുത്തുഭാഷകൾക്കാണ് ഏറ്റവും കുഴപ്പങ്ങളുണ്ടായത്. ഇത് ടൈപ്പോഗ്രാഫിക്ക് ഇമ്പീരിയലിസത്തിന് വഴിവെച്ചു. ഇന്ത്യൻ ഭാഷകൾ എണ്ണം കുറഞ്ഞ റോമൻ ലിപിസഞ്ചയം വെച്ച് ഇന്റർനെറ്റ് ചാറ്റിൽ പ്രയോഗിച്ചപ്പോൾ ഉണ്ടായ ആശയക്കുഴപ്പങ്ങൾ ഏറെ വലുതാണ്. ചൈനീസ് പോലുള്ള താനഭാഷകൾക്കാകട്ടെ അക്കങ്ങൾ റോമൻ ലിപികൾക്കുമേൽ പ്രയോഗിച്ച് ടോണുകൾ മൂലമുണ്ടാകുന്ന അർത്ഥവ്യത്യാസങ്ങളെ

ഇറയം റിസർച്ച് ജേർണൽ
Volume 5 Issue 2

പ്രത്യക്ഷീകരിക്കേണ്ടി വന്നു. ലിപ്യന്തരണനിയമങ്ങൾ രൂപപ്പെടാത്ത ഭാഷകളിൽ സ്പെല്ലിങ്ങ് അവ്യവസ്ഥിതമായി. ഗ്രാഫിക് രൂപങ്ങൾ, ഒച്ചകൾ എല്ലാം ഇടകലർത്തി ഗ്രീക്കിഷ് - റോമനസൈഡ് ഗ്രീക്ക് രൂപം കൊള്ളുന്നത് അങ്ങനെയാണ്. അതിന്റെ ചുവടുപിടിച്ച് ലോകത്തെ വിവിധഭാഷാസമൂഹങ്ങളിൽ ഇംഗ്ലീഷ് സ്ലേറ്റിൽ തങ്ങളുടെ ഭാഷ എഴുതിക്കാണിക്കുന്ന ഒരു പുതു വ്യവഹാരരൂപം ഒരു പോലെ രൂപപ്പെട്ടു. മലയാളം മംഗ്ലീഷായി മാറി. ദുബായിയിലെ ചാറ്റ് റൂമുകളിൽ വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്ന അറബിയോടൊപ്പം ഇടത്തുനിന്ന് വലത്തോട്ടെഴുതുന്ന റോമൻ സമ്പ്രദായവും എഴുത്തിലേക്ക് വരാതിരുന്ന ദേശ്യമൊഴികളും ഇടകലർന്ന സ്ക്രിപ്പ് സ്വിച്ചിങ്ങാണ് നടന്നത്

ഈ ഗ്രീക്കിഷ് ഗ്രീക്ക് ഭാഷയെ കുഴിച്ചുമൂടും എന്ന് ഭയന്നവരുണ്ട്. ചാറ്റ് മലയാളം മലയാളത്തിന്റെ ശുദ്ധിയെ ഇല്ലാതാക്കി എന്ന ഭയത്തിനു സമാനമാണിത്.എന്നാലത് ഗ്രീക്ക് ഭാഷയുടെ ഒരു പരിവർത്തനസന്ധിയാണെന്നും ആ ഭാഷയെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ ഈ കലർപ്പ് സഹായിക്കുമെന്നും അതിനെ ശുഭകാരിയായ ഒന്നായി കണ്ട ഭാഷാപണ്ഡിതരുമുണ്ടായിരുന്നു. കടുത്ത ഭാഷായാഥാസ്ഥിതികത നിലനിൽക്കുന്ന, ലോകത്തിലെ ആദ്യ ഭാഷാഅക്കാദമിയൊക്കെ സ്ഥാപിച്ച് ഫ്രാൻസിൽ എസ് എം എസ് ഭാഷയ്ക്കെതിരായ ഭാഷാപണ്ഡിതന്മാരുടെ മൂവ്മെന്റ് തന്നെയുണ്ടായി. “A FORUM/ NOT A MOBILE: Here we speak a language human beings can understand.... If you want your question to be answered, try to make yourself understandable too.” എന്ന് അവരുടെ നോട്ടീസ് ബോർഡിൽ കർശനനിലപാട് അടിവരയിട്ടു വരുന്നത് അങ്ങനെയാണ്.

ഇത് ആഗോളവത്കരണത്തിന്റെ വിപത്താണെന്ന രാഷ്ട്രീയ വ്യാഖ്യാനങ്ങളും ഇതിനോടൊപ്പം വന്നിട്ടുണ്ട്. ആഗോളഗ്രാമത്തിനൊരു ആഗോളഭാഷ എന്ന് വിചാരിച്ചവരും കുറവല്ല.

ഇന്റർനെറ്റ് ഭാഷ ഓരോ ഭാഷയ്ക്കും വ്യത്യസ്തമായിരിക്കെതന്നെ റൊമനൈസ് കാലത്തുരൂപപ്പെട്ട ചില പൊതു രൂപങ്ങൾ നിലനിർത്തുന്നുമുണ്ട്

- the emoticon or “smiley face”; ഇമോട്ടിക്കോണുകൾ പൊതുസഞ്ചയമായി നിൽക്കുന്നു.
- abbreviations (LOL, “laughing out loud”), ചുരുക്കെഴുത്തുകൾ ഇംഗ്ലിഷാണ്.

- rebus writing (c u for “see you” apex), ഊഹഭാഷയും ചിത്രക്കുറിയുമൊക്കെ ഇന്നും ഇംഗ്ലീഷാണ്
- a tendency toward speechlike informality. വാമൊഴിപ്പേച്ചാണെന്ന് അടയാളം വെക്കുന്ന രീതി
- the graphic representation of colloquial standard pronunciation or non-standard accents (ഉച്ചാരണഭേദങ്ങളെ മാനേകതരരൂപങ്ങളെക്കൂടി ചിത്രലിപികളാക്കുക)
- •typical syntactic patterns of spoken language, (വാമൊഷിയുടെ വ്യാകരണം പിന്തുടരുക)
- discourse markers, colloquial and slang vocabulary. multiple punctuation, eccentric spelling, all caps, written-out laughter, verbal descriptions of actions (ചിഹ്നനങ്ങളുടെ സമൃദ്ധമായ ഉപയോഗം,ധാരാളിത്തം നാട്ടുമൊഴികൾ, പലതരം ചിഹ്നനോപാധികൾ, ക്യാപിറ്റൽ പണിഷ്മെന്റുകൾ ക്രിയകളുടെ വാമൊഴി ആവിഷ്കാരം ഓ....ടി)
- The flouting of orthographic and typographic norms, and linguistic and typographic playfulness, (ചിഹ്നനരൂപങ്ങൾക്ക് ക്യാരക്റ്റർ സ്വഭാവം വരുന്നു)
- സ്വരങ്ങളെ കൊഴിച്ചുകളഞ്ഞ് മൂലവ്യഞ്ജനങ്ങളുടെ അസ്ഥിപഞ്ജരമാക്കി പദങ്ങളെ മാറ്റുക. (pls ppl msg)

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ ഈ നാ‍യ്റ്റുറുക്കൻ ചിത്രഭാഷകൊണ്ടുള്ള അത്തരമൊരു കലാപത്തിനുകാരണം ആസ്കി സംവിധാനത്തിന്റെ ലിമിറ്റേഷനോ അന്യഭാഷാഗോത്രങ്ങളിലെ ലിപി സഞ്ചയത്തിന്റെ വൈവിദ്ധ്യമോ മാത്രമായിരുന്നില്ല, നമ്മുടെ എഴുത്തുരീതിപദ്ധതിയിലെ അപര്യാപ്തതകൾ മാനകങ്ങൾ കേന്ദ്രീകരണങ്ങൾ അധികാരരൂപങ്ങൾ എന്നിവയുടെ പ്രശ്നമായിരുന്നു. ആ അപൂർണ്ണഭാഷയെ മനുഷ്യൻ കണ്ടെത്തിയ സകലവിനിമയ പദ്ധതികൾകൊണ്ടും അട്ടിമറിച്ച് ഒരു സാകല്യ ആവിഷ്കാരമാധ്യമമായി ഇന്റർനെറ്റ് ഭാഷയെമാറ്റാനുള്ള വിപ്ലവമായിവേണം ഭാഷാകൊലപാതകമായല്ല ഇതിനെ കാണേണ്ടത്. എന്നാൽ ആഗോളവത്കരണകാലത്തെ ഇന്റർനെറ്റ് ഇംഗ്ലീഷ് എന്ന ഭാഷയെ കൂടുതൽ ആഗോളമാക്കാൻ സഹായിച്ചിട്ടുണ്ട് എന്ന വസ്തുതയും വിസ്മരിക്കാവതല്ല. കലർപ്പുകളിലൂടെ ആ ഭാഷാധികാരത്തെ ശിഥിലമാക്കുന്ന

പ്രക്രിയ കൂടി സംഭവിക്കുന്നുണ്ടെന്നുമാത്രം. ഇംഗ്ലീഷ് ലിങ്ക്വാ ഫ്രാങ്കയായിതുടരുകയും ചെയ്യുന്നു..

**യൂണികോഡിന്റെ വരവ്**

ഈ ലിപി ദാരിദ്ര്യം മറികടന്നത് അതുവഴി ഇന്റർനെറ്റിൽ ഇംഗ്ലീഷിതരഭാഷകൾ പ്രത്യേകിച്ച് മൂന്നാം ലോകഭാഷകൾ സജീവമായത് 16 ബിറ്റ് പ്രൊഫൈലോടുകൂടിയ ക്യാരക്റ്റർ എൻ കോഡിങ്ങ് സാദ്ധ്യമായ യൂണികോഡിന്റെ കടന്നുവരവോടെയാണ്. അതോടൊപ്പം എല്ലാ ഉപകരണങ്ങൾക്കിടയിലും ഓപ്പറേറ്റിങ്ങ് സംവിധാനങ്ങൾക്കും അപ്ലിക്കേഷനുമിടയിലും ലോകഭാഷകൾക്കിടയിൽത്തന്നെയും കൈമാറ്റം ചെയ്യപ്പെടാവുന്ന പൊതുചിഹനസഞ്ചയം സാധ്യമാവുമയും ചെയ്തു. ഇന്റർനെറ്റിൽ ഭാഷയുടെ പലമ അതിന്റെ സ്വച്ഛസ്വാതന്ത്ര്യങ്ങളോടെ പല ഭാഷകളുടെയും അച്ചടിയെ കേന്ദ്രീകരിച്ച നടന്ന നിരപ്പു പലകപ്പണിയിൽ കുഴിച്ചുമൂടിയ ഗതകാലചിഹനങ്ങളെക്കൂടി സ്വാംശീകരിച്ച് സാകല്യഭാവത്തിൽ അനന്തലീല നടത്തുന്ന കൺ വെർഷൻ ടൂളുകളുടെ സഹായത്തോടെ നിഷ്പ്രയാസം രൂപമാറ്റം നടത്തുന്ന അതിന്റെ ട്രാൻസ് പ്ലെ നടത്തിത്തുടങ്ങിയ ഇക്കാലത്ത് ഈ ഭാഷയെ സംബന്ധിച്ച ആത്മഹത്യാഭീഷണി കാലഹരണപ്പെട്ടിരിക്കുന്നു. പേഴ്സണൽ കമ്പ്യൂട്ടറിൽനിന്ന് ലോകം സ്മാർട്ട് ഫോണിലേക്ക് കൂടുമാറിയപ്പോഴേക്കും ഇൻഡിക് കീബോർഡും ഗൂഗിൾ കയ്യെഴുത്തും ട്രാൻസ്ലേറ്ററും  ശബ്ദലിപി പരിവർത്തനോപകരണവും ഇപ്പോൾ വോയ്സ് അസിസ്റ്റന്റുമൊക്കെയായി മലയാളവും ഒപ്പം നടന്നുതുടങ്ങിയിരിക്കുന്നു. ഇക്കാര്യത്തിൽ നമ്മുടെ ഭാഷാവകുപ്പുകൾക്കോ സർക്കാർ ഏജൻസികൾക്കോ കാര്യമായ സംഭാവനയില്ലെന്നും സ്വതന്ത്രമലയാളം കമ്പ്യൂട്ടിങ്ങ് പോലുള്ള സന്നദ്ധസംഘങ്ങളാണ് ഭാഷാകമ്പ്യൂട്ടിങ്ങിനെ മുന്നോട്ടുകൊണ്ടുപോവുന്നതെന്നും കൂടി ഓർക്കേണ്ടതുണ്ട്. മലയാളം ബ്ലോഗിങ്ങിനാവശ്യമായ ഉപകരണങ്ങൾ വികസിപ്പിക്കുന്നത് പ്രവാസിമലയാളികളാണെന്നതും പ്രവാസി ലോകം നമ്മുടെ ഏതെങ്കിലും തരം ആസൂത്രണങ്ങളിൽ നേരിട്ട് ഇടപെടുന്ന ആദ്യ ചരിത്രസന്ദർഭം അതായിരുന്നുവെന്നതും ചേർത്തുവെക്കേണ്ട വസ്തുതയാണ്. നിർമ്മിത ബുദ്ധി പ്രബലമായിത്തീരുന്ന വർത്തമാനകാലത്ത് യന്ത്രങ്ങൾ സ്വയം ഭാഷ പഠിച്ചെടുക്കുകയും പ്രയോഗിക്കുകയും ആവശ്യമെങ്കിൽ പുതുരൂപങ്ങൾസൃഷ്ടിക്കുകയുമൊക്കെ ചെയ്യുന്ന ഈ കാലത്ത് കോർപ്പസ്

അധിഷ്ഠിത തത്ക്ഷണ യന്ത്രതർജ്ജമ ഭാഷകൾക്കിടയിലെ ട്രാൻസ് സാധ്യമാക്കുക കുടി ചെയ്യുതോടെ ഇംഗ്ലീഷ് അധിനിവേശഭയം പൂർണമായും അപ്രസക്തമായിരിക്കുന്നു.

യൂനികോഡിലെ യൂണിക്കിന് മൂന്ന് മാനങ്ങളുണ്ട്.

- universal (addressing the needs of world languages)
- uniform (fixed-width codes for efficient access), and
- unique (bit sequence has only one interpretation into character codes)

(സ്ലൈഡ്)

**ഇന്റർനെറ്റ് ഭാഷയുടെ പ്രത്യയശാസ്ത്രയുക്തി**

സി എം സി യെ നിർണ്ണയിക്കുന്നത് രണ്ടു ഘടകങ്ങളാണ്.

1. കീ സ്ട്രോക്കുകളുടെ എണ്ണം കുറയ്ക്കൽ സ്പീഡ് എക്കോണമി
2. എക്സ്പ്രസീവാകുക ഇമോഷൻ മാകിസ്മം കൊണ്ടുവരിക പേഴ്സണൽ ഫീലിങ്ങുണ്ടാവുക സർഗാത്മകമാവുക. ബോഡിയെ കർതൃത്വത്തെ സന്നിവേശിപ്പിക്കാനുള്ള ശ്രമം

**സൈബർ ഭാഷ പൊതു സവിശേഷതകൾ**

നിലനിൽക്കുന്ന എഴുത്തുരൂപങ്ങളെ പുനക്രമീകരിച്ചും പുതിയ ആവിഷ്കാരസഞ്ചയങ്ങൾ രൂപീകരിച്ചും മൾട്ടിമീഡിയാ സാധ്യതകൾ വഴി ഭാഷയെിന്ദ്രിയാനുഭവമാക്കിയുമാണ് ഇന്ന് ഇന്റർനെറ്റ് ഭാഷ വികസിക്കുന്നത്. ഇതിൽ ആദ്യ രണ്ടു വസ്തുതകൾ മാത്രമൊന്ന് വിശദമാക്കാം.

1. ഇന്റർനെറ്റ് ഭാഷയിലെ ചില വട്ടേൻ തിരിപ്പുകൾ

**<u>NeoGraphy എഴുത്തുതിരിപ്പ്</u>**

സാമ്പ്രദായികമല്ലാത്ത ലേഖനസമ്പ്രദായത്തെയാണ് നിയോ ഗ്രാഫി എന്നുവിളിക്കുന്നത്.

1. phonetic reductions, (സ്വനലോപം സ്വനഭാഷാലേഖനം nite for night guyz" for "guys futball for football )
2. അക്ഷര പദക്കുറുക്കങ്ങൾ ( pls hi buk u ur ) (ഊഹാഭാഷ - rebus writing ഒരു അക്ഷരം കൊണ്ടുള്ള പദനിർമ്മിതി, അക്കങ്ങൾ ആദേശം ചെയ്യുക

അക്ഷരങ്ങളെ പദങ്ങളാക്കി വാക്യം സാധ്യമാക്കുക(b4 for “before”), IlLU c for see) പദക്കുറി. പദത്തെ കടങ്കഥയാക്കിമാറ്റുന്നു.

3. ചുരുക്കെഴുത്തുകൾ ഇന്റർനെറ്റിൽ മാത്രം നിൽക്കുന്ന സംക്ഷേപരൂപങ്ങൾ (lol, “laughing out loud”),
4. അക്ഷരങ്ങളുടെ ആവർത്തനം reduplication of letters (“soooon”),
5. അക്ഷരേതര ലിപിചിഹ്നരൂപങ്ങളുടെ ധൂർത്ത്. ആവർത്തനം exuberant repetitive punctuation (“wow!!!!!”),
6. കോമിക്ക് മാർക്കറുകൾ comics-like marking of words within asterisks (“*grins*”).
7. ദൃഢവർണ്ണങ്ങൾ, കൂട്ടക്ഷരങ്ങൾ, ദീർഘങ്ങൾ ഇവ ഒഴിവാക്കൽ, അംഗഭംഗം വെട്ടിച്ചുരുക്കൽ നടത്തുക .. നിശ്ശബ്ദവർണ്ണങ്ങളെ ഒഴിവാക്കുക (Mutograms), ആദേശം ചെയ്യുക തുടങ്ങി വിവിധ വിരുതുകളിലൂടെ ഒരു ഗൂഢഭാഷാസൃഷ്ടി സാധ്യമാക്കുക( verlan)
8. സ്പെല്ലിങ്ങ് വേരിയേഷനുകൾ നിരന്തരമുണ്ടാക്കുക. വ്യഞ്ജനകല
9. ആദ്യാക്ഷരരൂപങ്ങൾ പദത്തിന്റെ ആദ്യ അക്ഷരം മാത്രം ഉപയോഗിക്കുക. GM GF BF
10. ലോഗോ ഗ്രാമുകൾ ( ഡോളർ ചിഹ്നം)

2. ഇമോട്ടിക്കോണിൽ നിന്ന് ഇമോജികളിലേക്ക്

ചിഹ്നനരൂപങ്ങളെ ഭാവിഷ്കാരത്തിനായി ഉപയോഗിക്കുന്ന സ്റ്റൈലികൾ പോലുള്ള ഇമോട്ടിക്കോണുകളിൽ നിന്ന് സാങ്കേതിക വിദ്യ ഇമോജികളിലേക്ക് മാറിയിരിക്കുന്നു. കീ ബോർഡുകൾ കൊണ്ടുമാത്രമല്ല ആപ്പുകളും പ്രോഗ്രാമുകളും വഴി കൂടി നിർമ്മിച്ചെടുക്കുന്നത്. അതുകൊണ്ടുതന്നെ സ്വിനിമപരമാവണമെന്നില്ലെ ചിത്രചിഹ്നങ്ങൾ പ്രതികങ്ങളാവാം.

ഇമോഷൻസ് പ്ലസ്സ് ചിത്രങ്ങളാണ് ഇമോജികൾ. അവ വെറും ചിത്രപദങ്ങളല്ല ചിത്രപദംഗങ്ങളാണ്. ചിത്രച്ചിറകുള്ള ഈ ജീവികൾ അപൂർണ്ണ ഭാഷയെ പൂരിപ്പിക്കുകയും ചിലപ്പോൾ ഭാഷയെത്തന്നെ പകരം വെക്കുകയും അങ്ങനെ നമ്മെ പകർത്തുന്ന ഒന്നായി സൈബർ ഭാഷയെമാറ്റുകയും ചെയ്തിരിക്കുന്നു.

ഇമോജികൾ ഇന്ന് ചിഹ്നനത്തെ റീ പ്ലെയ്സ് ചെയ്തിരിക്കുന്നു. വിവർത്തനാതീതമാണു പലതും ഹൈബ്രിഡ് റൈറ്റിങ്ങിലാണുപയോഗിക്കപ്പെടുന്നത് ഭാഷണത്തെ അത്

കോമിക്കാക്കുന്ന പേഴ്സണൽ ആക്കുന്നു. ഒറ്റ ഇമോജി തന്നെ ചിലപ്പോൾ വാക്യരൂപങ്ങൾ തേടുന്നു.

അർത്ഥം രൂപപ്പെടുന്നത് മൈക്രോ ലെവലിൽ നിന്നോ മാക്രോ ലെവൽ വരെയോ ആവാം. സ്റ്റാന്റേർഡ് അർത്ഥങ്ങൾ ഫിക്സ് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അർത്ഥസന്ദിഗ്ദ്ധതകൾ ഉണ്ടാക്കുന്നുണ്ട് പദകോശസ്വഭാവം – ശബ്ദവ്യാപാരം പോലെത്തന്നെ വാച്യവും ലക്ഷകവും വ്യംഗ്യവും വരുന്നു.

ഔപചാരിക വ്യവഹാരങ്ങളിൽ പൊതുവെ ഇമോജികൾ  ഉപയോഗിക്കപ്പെടുന്നില്ല എന്നതും ശ്രദ്ധേയമാണ്.

ടെക്സ്റ്റീസ് സവിശേഷതകൾ ഡേവിഡ് ക്രിസ്റ്റൽ

- സാധാരണഗതിയിൽ, 10% ൽ താഴെയുള്ള പദങ്ങൾ മെസ്സേജുകളിൽ ചുരുക്കിക്കുറുക്കും.
- ചുരുക്കെഴുത്ത് ഒരു പുതിയ ഭാഷയല്ല; പകരം, ഇത് നിരവധി പതിറ്റാണ്ടുകളായി നിലവിലുണ്ട്.
- കുട്ടികളും മുതിർന്നവരും SMS ഭാഷ ഉപയോഗിക്കുന്നു, കുട്ടികളിൽ ഉപയോഗം കൂടുതൽ.
- വിദ്യാർത്ഥികൾ അവരുടെ ഗൃഹപാഠത്തിലോ പരീക്ഷയിലോ ചുരുക്കരൂപങ്ങൾ പതിവായി ഉപയോഗിക്കാറില്ല.
- മെസേജുകൾ അയയ്ക്കുന്നത്  മോശം അക്ഷരജ്ഞാനത്തിനു കാരണമാവുന്നില്ല.
- എസ് എം എസ്സ് അയയ്ക്കുന്നത് ആളുകളുടെ സാക്ഷരത മെച്ചപ്പെടുത്തുന്നു, കാരണം ഇത് വായനയിലൂടെയും എഴുത്തിലൂടെയും ആളുകൾക്ക് അവരുടെ ഭാഷയുമായി ഇടപഴകാൻ കൂടുതൽ അവസരം നൽകുന്നു.

ലിംഗഭേദം

- സ്ത്രീകൾ പുരുഷന്മാരേക്കാൾ മെസേജുകൾ കൂടുതൽ ടെക്സ്റ്റ് ചെയ്യുന്നു.

- കൂടുതൽ ദൈർഘ്യമേറിയ മെസേജുകൾ അയക്കുന്നു.
- കൂടുതൽ വ്യാകരണം പാലിക്കുന്നു.
- കൂടുതൽ ഇമോട്ടിക്കോണുകളും ചുരുക്കരൂപങ്ങളും ഉപയോഗിക്കുന്നു.
- സാമ്പ്രദായിക ലിപി രീതി പിന്തുടരുന്നു.
- അഭിവാദന ആശംസാ പ്രയോഗങ്ങൾ നടത്തുന്നു
- കൂടുതൽ വിപുലമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.

## തെളിമലയാളത്തിൽനിന്ന് ചളിമലയാളത്തിലേക്ക്

സൈബർ ചാറ്റ് മലയാളരൂപങ്ങൾ

1. ഹ്രസ്വദീർഘങ്ങൾ, ഇരട്ടിപ്പ്, സംസർഗരൂപങ്ങൾ ഇവയിൽ അവ്യവസ്ഥ
2. സ്വരങ്ങൾ കുറയ്ക്കുക. വ്യഞ്ജനങ്ങളെ സിലബിളാക്കുക

ങ്ങും ഉം um മ്

ഇല്ലാ ഇല്ല ല്ല

3. പ്രതികരണ ചേഷ്ടാചിഹ്നങ്ങൾ, സംബോധനകൾ

- ങേ
- ങാ
- ങ്ങും

അഭിവാദന പ്രയോഗങ്ങൾ

- എന്താല്ലേ
- ഹായ് രതി
- എന്ത് രസം

- ഗൈയ്സ് ഗ്രയ്സ്
- ഹി
- ഓയ്
- ചങ്ക് ബ്രോ
- മച്ചൂ

## 4. പുതുപ്രയോഗങ്ങൾ പദങ്ങൾ

നിരവധി പുതു പദങ്ങളും ശൈലികളും സൈബർ മലയാളം സംഭാവന ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ

- എന്തൊരു ദ്രാവിഡാണ്
- ദാരിദ്ര്യം തന്നെ
- ലേ ഞാൻ
- കുമ്മനടിക്കുക
- ചളി ചളിയൻ കട്ടച്ചളി
- തേക്കുക
- ചേർത്തൊട്ടിച്ചു
- കണ്ടം വഴി ഓടിക്കുക
- കുരുപൊട്ടുക
- പൊങ്കാലയിടുക
- മിന്നിച്ചേക്കണം
- സൈക്കളോടിക്കൽ മൂവ്
- മീനവിയൽ
- അടിപോളി ബ്വാ പോവ്വാം സിവനേ
- അക്കാദമിക് പർപ്പസ്സ്

- ഫീലിങ്ങ് (പുച്ഛം)
- തള്ളുക
- ന്യായീകരണത്തൊഴിലാളി

5. സിനിമാംശങ്ങൾ കലർന്ന ചാറ്റു ചൊല്ലുകൾ സൈബർ ഭാഷയിൽ സജീവമാണ്. പ്രത്യേകിച്ച് ട്രോളുകളിൽ. പോപ്പുലർ സംസ്കാരത്തിന്റെ ഭാഗമായി സൈബർ വ്യവഹാരങ്ങൾ മാറുന്നതിന്റെ കല കൂടിയാണിത്. സൈബർ മലയാളവ്യവഹാരങ്ങളിൽ നിരനതരം ഉപയോഗപ്പെടുത്തുന്ന ജനപ്രിയ സിനിമാ ഡയലോഗുകളില് ചിലതു കാണുക.

- വീ ആർ ഡൂയിങ്ങ് എ കാർ
- കുട്ടി മിണ്ടുന്നില്ല
- കലങ്ങിയോ കലങ്ങിയില്ല
- പണ്ഡിതനാണെന്നുതോന്നുന്നു
- ജോസപ്പേ കുട്ടിക്ക് മലയാളമറിയാം
- പോളണ്ടിനെപ്പറ്റി ഒരക്ഷരം മിണ്ടരുത്
- മീനവിയൽ എന്തായോ എന്തോ
- ആരോടുപറയാൻ ആരുകേൾക്കാൻ
- ഇതെന്റെ അല്ല എന്റെ ഇങ്ങനെയല്ല
- എത്തിയില്ലേ ശകുന്തളേ

കൊഞ്ചൽ ഭാഷ – മാനക മെച്ചേർഡ് മലയാളത്തിനു പകരം ശിശുഭാഷയുടെ കൊഞ്ചലും കുറുകലും കൊണ്ട് ഭാഷയെ പ്ലെ ഫുൾ ആക്കുക എന്നത് മറ്റൊരു പ്രത്യേകതയാണ്. 'നന്നല്ല ' എന്നല്ല 'ഞഞ്ഞല്ല' എന്ന് പറയുന്നിടത്താണു കൗതുകം.

6. ചുരുക്കെഴുത്തുകൾ അതുപോലെയുള്ള മറ്റ് എഴുത്തുതിരിപ്പുകൾ ( Neography) സൈബർ എഴുത്തിലെ പ്രത്യേകിച്ച് ചാറ്റിലെ സവിശേഷതയാണ്.

- Pwolichu ബ്രോ
- മ്യായാവി

- Q പാലിക്കുക
- K ട്ടോ
- ല്ല
- ണ്ട്
- IC
- Bt
- Lol
- RIP

  asap
- Bingo
- Moi for me
- Nite
- Pls
- Hlo
- Yday
- Thx
- GM

  gn8
- Icu
- Ilu
- OMG
- C for see
- കിt
- B4

- ഉച്ചാരണ ഉറപ്പിക്കലുകൾ ഒഴിവാക്കൽ പ്രത്യേകിച്ച് അതിഖരം ഘോഷം ( Retroflexed) എന്നിവ ഒഴിവാക്കൽ ഖരത്തിനു( Stops) പരം മൃദു ഉപയോഗിക്കുക ഇവയൊക്കെ കാണാം .

7. സൈബർ വ്യവഹാരത്തിൽ ഉണ്ടായ പ്രധാന മലയാളി കണ്ടുപിടുത്തം ഇവ രണ്ടുമാണ്.
   OMKV
   മലര്

1. ഗ്ലൊക്കലൈസേഷൻ രൂപം
2. ലൈക്ക് ചെയ്യുക

ഫോർവേഡ് ചെയ്യുക പോലെയുള്ള ക്രിയയെ നാമമായി സ്വീകരിച്ച് ചെയ്യുക എന്ന ക്രിയ അനുപ്രയോഗിക്കുന്ന രീതി മറ്റൊരു പ്രത്യേകതയാണ്.

3. പുതുക്രിയകൾ കൂടി സൃഷ്ടിക്കപ്പെടുന്നു.

- അന്യഭാഷാ ക്രിയാധാതുക്കളില് നേരിട്ട് മലയാളപ്രത്യയം ചേർക്കുക എന്നതാണ് ഒരു രീതി

1. ചാറ്റുക
   ഫോർവേഡുക
2. സെന്റി

- നാമധാതുക്കൾ (Derived Nouns) അതുപോലെ നിര്മ്മിക്കുന്നു.

1. പ്ലിങ്ങുക
2. സർക്കാസിക്കുക

4, പുതിയ എതിർലിംഗരൂപങ്ങളും ഉണ്ടായിട്ടുണ്ട്.

ട്രോളൻ ട്രോളത്തി

8. പുതുവിവർത്തനങ്ങളും ആദാനരൂപങ്ങളും കൊണ്ട് ഭാഷയുടെ പദസമ്പത്ത് വർദ്ധിക്കുന്നതിനു ചില ഉദാഹരണങ്ങൾ കൂടി നല്കാം.

- ഫാൻ - ഭക്തസംഘം

- ക്ലോസ് ഇനഫ് – ചായകാച്ചൽ
- സൈബർ പാണന്മാർ

9. മംഗ്ലീഷ് -നായ്ക്കുറുക്കൻ - സങ്കര ലിപി വിന്യാസമാണ് മറ്റൊരു തമാശ.

- DRAമാ
- wmo ധനം

10. ഭാഷേതര സങ്കേതങ്ങൾ സജീവമാകുന്ന എന്നതും അത് വ്യവഹാരങ്ങളിൽ പുതിയ അർത്ഥ സന്ദിഗ്ദതകളും സൗന്ദര്യവും കൊണ്ടുവരുന്ന എന്നതും എടുത്തുപറയേണ്ടതാണ്.

- പോസ്റ്റുകൾക്ക് നാം നല്കുന്ന Like ന്റെ നാനാർത്ഥം സവിശേഷം പഠിക്കേണ്ടതുണ്ട്.
- ചിത്രഭാഷകൾ മീമുകൾ ട്രോളുകൾ എന്നിവയുടെ ഉപയോഗം.
- പലതരം സെൽഫികൾ കൊണ്ട് ആശയവിനിമയം ചെയ്യുന്ന രീതി
- ഫീലിങ്ങുകൾ പോസ്റ്റുകൾക്കൊപ്പം അറ്റാച്ച് ചെയ്യുന്ന സമ്പ്രദായം

**സംസ്കാരം, അധികാരം: സൈബർ സ്പെയ്സിലേക്കുള്ള തുടർച്ചകൾ**

സൈബർ സ്പെയ്സിൽ ഫിസിക്കൽ ആയ ഒരു ശരീരത്തിന്റെ അഭാവവും ജെൻഡർ കൺഫ്യൂഷനും കാസ്റ്റ് ഐഡന്റിയും അതുമായി ബന്ധപ്പെട്ട അധികാരസ്ഥലങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നുണ്ട്. സമൂഹത്തിൽ നിലനില്ക്കുന്ന ശരീരാധികാരത്തിന്റെ സാമൂഹ്യാധികാരത്തിന്റെ പുതിയ സ്ഥലത്തിലുള്ള അഭാവം ഭാഷാപ്രകടനത്തിലൂടെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നതാണ് സൈബർ വയലൻസ് വരെ എത്തിനില്ക്കുന്ന പലതരം അധികാരപ്രകടനങ്ങൾക്ക് കാരണമാവുന്നത്. പലതരം ആവിഷ്കാരങ്ങളിലൂടെ നടക്കുന്ന ജാതി ,മസ്കുലിനിറ്റി -ഫെമിനിറ്റി പ്രകടനങ്ങൾ, അണ്ണാ അമ്മ ചേർത്തുവിളികൾ ഒക്കെ ഇതിന്റെ പ്രകടിത രൂപങ്ങളാണ്. കവല രാഷ്ട്രീയത്തിന്റെ സംസ്കാരം പൊളിറ്റിക്കൽ ഐഡന്റിറ്റികളും ജാർഗണുകളുമായി (സംഘി കൊമ്മി അന്തംകമ്മി കൊങ്ങി സുഡാപ്പി ചാണകസംഘി ഫെമിനിച്ചി ചീപ്പീയെം വാനരസേന ഗോപാലസേന) സൈബർ സ്പെയ്സിലും അരങ്ങു വാഴുന്ന

ഒളി ചാറ്റിടങ്ങളിൽനിന്നൊരുനാൾ ചുവരിലേക്ക് എടുത്തെറിയപ്പെട്ട മലയാളികൾ വിക്ടോറിയൻസദാചാരനാഗരികച്ഛായയുള്ള മാധവജന്മങ്ങളുടെ വെടിപ്പുകളഞ്ഞ് മക്കുകളായി ഒളിസേവക്കാരായി കീബോർഡ് രാഷ്ട്രീയ വിചാരകരായി ചളിയന്മാരായി സദാചാരപോലീസായി കലങ്ങിയെന്നും ഇല്ലേയെന്നു ഇല്ലെന്നും കലക്കിയെന്നും പലപാട്ടുപായുന്ന സൈബർ മലയാളിമാധ്യമകാലത്ത് തെളിമലയാളത്തിനും ചളിമലയാളമാവാതെ പാങ്ങില്ല എന്നു പറഞ്ഞുനിർത്തുന്നു.

## Reference


Anurit, Pacapol Jakrapan, et al. "INFLUENCES OF SOCIAL MEDIA ON THE USE OF THAI LANGUAGE." *International Journal of Academic Research in Business and Social Sciences*, vol. 1, no. 2, 2011, p. 14.

Crystal, D, Language and the Internet. Cambridge: Cambridge University Press.2001

Crystal, D.,Language play. Chicago: University of Chicago Press,2001

Johnson, David R., and David Post. "Law and Borders - The Rise of Law in Cyberspace." *First Monday*, May 1996. *firstmonday.org*.

Danet, Brenda, and Susan C. Herring. *The Multilingual Internet: Language, Culture, and Communication Online*. 1st edition, Oxford University Press, U.S.A., 2007.

Danesi, Marcel. *The Semiotics of Emoji: The Rise of Visual Language in the Age of the Internet*. Bloomsbury Academic, An imprint of Bloomsbury Publishing Plc, 2017.

Hampton, Keith, and Barry Wellman. "Neighboring in Netville: How the Internet Supports Community and Social Capital in a Wired Suburb." *City and Community*, 2003, pp. 277–311.

Jenkins, Henry,. Convergence. Where Old and New Media Collide. New York: New York University Press. 2006

Johnson, David R., and David Post. “Law and Borders - The Rise of Law in Cyberspace.” *First Monday*, May 1996. *firstmonday.org*.

Kraut, Robert, et al. “Internet Paradox: A Social Technology That Reduces Social Involvement and Psychological Well-Being.” *American Psychologist*, 1998, pp. 1017–31.

Ravi, Dr B. K. *NEW MEDIA AND ETHICAL DISCONNECT – TRENDS IN INDIA*. no. 3, 2011, p. 12.

Siemens, George. “Connectivism: A Learning Theory for the Digital Age."." *International Journal of Instructional Technology and Distance*, 2005, pp. 3–10.

Steuer, Jonathan. “Defining Virtual Reality: Dimensions Determining Telepresence.” *Journal of Communication*, vol. 42, 1992, pp. 73–93.

Taylor, Mark C. *The Moment of Complexity: Emerging Network Culture*. Nachdr., Univ. of Chicago Press, 2009.

Warschauer, Mark , “Language, Identity and the Internet.” In B. Kolko, L. Nakamura and G. Rodman (eds.), Race in Cyberspace, 151–70. New York: Routledge.,2000

Wellman, Barry, Laura Garton, et al. *An Electronic Group Is Virtually a Social Network*. 1997.

Wellman, Barry, Anabel Quan Haase, et al. *Does the Internet Increase, Decrease, or Supplement Social Capital? Social Networks, Participation, and Community Commitment*. 2001.

Wellman, Barry. “Physical Place and Cyberplace: The Rise of Personalized Networking.” *International Journal of Urban and Regional Research*, 2001.

Žižek, Slavoj. “Cyberspace, or, How to Traverse the Fantasy in the Age of the Retreat of the Big Other.” *Public Culture*, vol. 10, no. 3, Sept. 1998, pp. 483–513. *Silverchair*,

Žižek, Slavoj. CYBERSPACE, OR THE VIRTUALITY OF THE REAL https://jcfar.org.uk/wp-content/uploads/2016/03/Cyberspace-and-the-Virtuality-of-the-Real-Slavoj-Zizek.pdf